പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5033 — 06/02/2014 ൽ മറുപടിയ്ക്ക്

## അപകട, അസ്വാഭാവിക മരണങ്ങൾക്ക് കുടുംബത്തിന് അനുവദിക്കുന്ന തുകയും അതിനുള്ള മാനദണ്ഡവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| അപകട, അസ്വാഭാവിക മരണങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബത്തിന് അനുവദിക്കുന്ന തുകയുടെ തോതും അതിനുള്ള മാനദണ്ഡവും വ്യക്തമാക്കുമോ? | (1) | അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. എന്നാൽ സ.ഉ.(കൈ) നം. 144/12/റവ തീയതി 11/04/2012 പ്രകാരം മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. |
| | (2) | വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. |
| | (3) | സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽ പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

(4) നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ലപ്പെടുന്ന കരസേന, വായുസേന, നാവികസേന, പാരാമിലിട്ടറി, GREF, കേന്ദ്രസംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന മറ്റു സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാൻമാർക്ക് സൈനിക ക്ഷേമനിധി ബോർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതല്ല.

(5) വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നു.

(6) അപകടം നടന്ന് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അനുബന്ധ രേഖകളോടു കൂടിയ പൂർണ്ണമായ അപേക്ഷകൾ മാത്രമേ സാധാരണഗതിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി പരിഗണിക്കാറുള്ളൂ.

സെക്ഷൻ ഓഫീസർ.